**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - ഔഷധിയിൽ നിന്നും ഭാരതീയ ചികിത്സാ വകുപ്പിന് നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (ബി) വകുപ്പ്**

സ.ഉ (സാധാ) നം. 31/2021/എസ്.പി.ഡി തീയതി 01/11/2021

---

പരാമർശം - 1. 26/10/2015 ലെ സ.ഉ (സാധാ) നം. 58/2015/എസ്.പി.ഡി
2. 17/11/2016 ലെ സ.ഉ (സാധാ) നം. 59/2016/എസ്.പി.ഡി
3. 27/11/2017 ലെ സ.ഉ (സാധാ) നം. 66/2017/എസ്.പി.ഡി
4. 29/10/2018 ലെ സ.ഉ (സാധാ) നം. 47/2018/എസ്.പി.ഡി
5. 01/08/2019 ലെ സ.ഉ (സാധാ) നം. 36/2019/എസ്.പി.ഡി
6. 08/09/2019 ലെ സ.ഉ (സാധാ) നം. 15/2020/എസ്.പി. ഡി
7. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 19/04/2021 ലെ സി2-617/2021 നമ്പർ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിന് ദർഘാസ് മുഖേനയല്ലാതെ ഔഷധിയിൽ നിന്നും നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനായി അനുമതി നൽകിയ പരാമർശം (1) ലെ ഉത്തരവിന്റെ കാലാവധി പരാമർശം (2) മുതൽ (6) പ്രകാരം ദീർഘിപ്പിച്ചു നൽകിയിരുന്നു. പരാമർശം (6)ലെ ഉത്തരവിന്റെ കാലാവധി 26.10.2021-ൽ അവസാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ കാലാവധി തീരുന്ന മുറയ്ക്ക് ടി ഇളവ് നീട്ടി നൽകണമെന്ന് പരാമർശം (7) പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ലെ വ്യവസ്ഥകളിൽ ഇളവ് നൽകി കൊണ്ട്, ഔഷധിയിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ ഭാരതീയ ചികിത്സാ വകുപ്പിന് നേരിട്ട് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള അനുമതി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീതാലക്ഷ്മി എം ബി**

**അഡീഷണൽ സെക്രട്ടറി**

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [എ & ഇ]/ആഡിറ്റ്], കേരള, തിരുവനന്തപുരം.
ആയുഷ് (എ) വകുപ്പ് (e-file AYUSH-A1/358/2021-AYUSH)
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സി-ഡിറ്റ്, തിരുവനന്തപുരം (സ്റ്റോർ പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിലേയ്ക്കായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ